ॐ

श्री महालसा नारायणी प्रसन्ना:



With Best Compliments From:










Saraswath Vani

Published by

SAMYUKTHA GOWD SARASWATH SABHA

SOORAJ JEWELLERS,

KAMMATH LANE, CALICUT - 673 001, PH : 2701420

Reg. No. 16 / 1974

खंड 43 | अंक 7 | (केवळ अंगा खातीर) | जूलाय 1, 2021

मांडावळ

ATTENTION PLEASE

Materials, News items for publication in the Saraswath Vani should be sent to the following address before 20th of each month:

Editor, Saraswath Vani
Sooraj Jewellers
Kamath Lane
CALICUT - 673 001
e-mail: saraswathvani@gmail.com

प्रार्थना

“Be of easy approach to us, even as a father to his son. Do Thou, O self- effulgent Lord, abide with us and bring blessings to us."

सुभाषितम्

"Those who are unruly in conduct, those who are scandal- mongers, those who have enjoyed at the cost of Dharma, even the blessing of those people is a curse."

(Subhashita Neevi)

अमृतवचनम्

"What a country needs to develop is discipline more than democracy. The exuberance of democracy leads to undisciplined and disorderly conditions which are inimical to development."

(Lee Kuan Yew, former Singapore PM)

“रामायण-मानवतेचें उदात्त दर्शन”

3

[स्वामि चिद्भवानन्दजीले आंगलेय मूलकृतीचें कोंकणी स्वतंत्र भाषान्तर]

कृष्ण नारायण नायक, गोश्रीपुर

“इतिहास प्रवेश”

ऐतिहासिक विश्व साहित्या फन्तीन्तु रामायण इतिहास मुकारि अस्स। आविर्भाव भारतान्तु जल्यारीयि ताजो प्रभाव सार्वलौकिकतं। तें एक चेर्डाक रूचवेयता, सामान्य मानवाक जागैता, विद्यावन्तांलि विचारधारा फुल्लयता, आराधकांक प्रचोदन दित्ता, साधूसन्ताक बोधवन्त आनि प्रकाशप्लावित करता। तें दुसदुस्सेरि वाचूक आयकूक वांवट हाडैता। मन्न अवकायना। बुद्गून न्हत्तल्यांक उन्मेष वर्धवंचे लेकान त्या इतिहासाचें गहन अवलोकन मन्न उजरायता। आहारू देहाक पुण्टि भोरचे वरीचि यो महाग्रन्थु दर्शन पौण्टि भरता। जिज्ञासूंक तें उत्तममित्रा समान तं। आत्मार्थ मानवांक अतुल्य फल दायक तं।

श्रीरामाक केन्द्रीकृतकोर्नु त्या अमर ग्रन्थाचिं कथातंन्तु चातुर्यान बम्बायल्या। रामायण रामकथा रामचरित अस्सि सग नांव घेत्तायि ताका। श्रीरामु सग्ग प्रायेच्यांक आदर्श तं। उन्नत मूल्यांचो प्रतीक तं रामु। सग्ग परिस्थितिन्तु रामु तें सिद्ध करता। मानव कुलाचो आसूनूयि तज्जा उपरि सग्ग दशेरि दिशेरि रामु व्यक्तित्व अंकनकरता।

सीता श्रीरामालि आदर्श पत्नि। सीता पदाचो सामान्य अर्थु खण्णे वेळेरि मोव्ळिलि म्हुण। स्वयं जात शिशु! भूमि पुत्रि। वडैलेलि जनक रय्यान। सर्व स्त्रैण गुणांधि केन्द्रबिन्धु सीता। शान्तीन क्षमेन प्राराब्ध पूरा भोग्गिलें। विश्वासु आनि तत्वदर्शनाचें अपूर्व संगम पात्र।

रामायणान्तु भिन्न पात्राचें स्वभावचित्रीकरण केल्यां। प्रकृति दर्शनयि तान्तु आस्स। रामायणान्तुलें वास्तव आनिमिश्रण विद्यार्थिले विश्लेषण विमर्शन आनि विवेचनाक सोडयात। तन्तू तित्तूलि कथा-उपकथांची सर्माळो लायल्यायि। जल्यारि चरित्रव ैभवख ान्चेब ागेनऊ णेज ाायना ाच ाांगि-वायटअ स्सिद ोनिश ाक्तियोप्र ाकृतीन्तु आसय। रामायणान्तुले श्रेष्ठ विभागाक ऋषिप्रोक्त म्हुण स्थानांकन केल्यां। चांग

विभागाक द्रोहु दित्तल्यांक गणना दुष्टश्रेणीन्तु केल्या। जीवनाचें एक थेट वास्तव-शत्रुत्व सगटांक अभिमुख कोर्का जत्ता भूमिरि म्हळेलें तं। शत्रूंलागि दीस काडचें व्होडु एकु प्रश्नु तं। त्या बगेक योग्य परिशीलन घेंवका। ती वाट रामायण सिकैता। सबसूब दीसकाडूक तें चातुर्य अगत्य म्हळेलें सन्देश रामायण दित्ता।

दुन्द्व समन्वित तं एक समाज। उत्तम - अध्यम, उत्कृष्ट - निकृष्ट, गुणयुक्त - दोषपूर्ण....... तस्सि ताजि फान्ति। दोन्निचेय भर्सि भेदु धट्टि अस्स। व्यक्तिवन्त, उकोर्सु - आवेशाक अधीन तं। ते कुद्न मुकारिसर्तले। ते छट्टिने उन्चारि पावतले। जल्यारि गुणवन्त शान्त आत्म बद्ध आसतायि। कसल्याकयि देवंचें फूडे चांग चिन्तन करतले। सन्तगदाय मुकारि वत्तले। यें दृश्य निरीक्षण कर्तले, यो लोकु चंगांक अस्सिलो न्हय म्हुण वादुकर्तायि। मद्यवर्ति वायटाकडेन वोरे जंवचाक प्रेरित्त जन्तायि जल्यारिर ामायणस् ांविकद र्शनं दित्ता।प्र ातिसन्धिप्र ातिबन्धउ तलेयए`वोयि,अ ंत्यारि मूल्यवन्त जिकतले। इतिहासाचें सार येंचि।

काम आनी लोभ दोन्नि प्रबल अवगुण तं। जटिल अवस्थेन्तु ते एक सडळ मनिष्याक गुस्पायतायि, फर्कायतायि। अयोध्या, किष्किन्धा आनि लंका तीन्नीय कडे काम प्रचण्ड जालें। अयोद्येन्तु दशरथु कैकेयीरि लेका बायर कामावेशि जल्लो। ताजे परिणामान रामान वनवास भागूका जल्लें। जल्यारि रामान् सहर्ष धर्मसंकट तें नाकेल्लें। किष्किन्धेन्तू स्त्रैण अभिनिवेश गतिरोधक जल्लें। बालि- सुग्रीवां भर्सि भयंकर संग्रामाक कारण जल्ले। कामाचें वेण्टण दूर कळ्यारि लंकाधीषु रावण अग्रगण्य तं। कामार्ति बाधक जालि, गहन पतनाक हेतु जालि। सीमातीत काम तस्सि अगण्य दोषाक नाशाक वाट कर्ता। रामायण ताका प्रबल साक्ष्य दित्ता।

कामजयि मनीश दिव्यत्वान्तु पांवता। द्रढवृति - द्रढचित्ति राबिलो राम। वैवाहिक जीवनान्तूयि कामजयि अस्सिलो। राम सीतेनि आद्यन्त ब्रह्मचर्य पालन केल्लें। सद्सन्तानोल्पत्तीक विधिवक्त मात्र संयोग चंवकेयलो। तांगेले अनुपम जीवमान जगाक दिव्य मनोमण्डळ विस्कळायता। समूचित मार्ग दकौन दित्ता।

സ്കാൻഡിനേവിയൻ സുന്ദരികൾ

(തുടർച്ച)

ഭാഗം 5

ഡോ.ആശാജയകുമാർ

ഹോ! പീറ്റർ ഹോഫ്!!

"ജയ്ഹിന്ദിൽ" നിന്നും ബിരിയാണി കഴിച്ച് 29KM ദൂരം യാത്ര ചെയ്ത് ഞങ്ങൾ പീറ്റർ ഹോഫ് പാലസ് കാണാൻ വന്നിരിക്കുകയാണ്. നല്ല തിരക്കുള്ള ദിവസം!െ സന്റ് പീറ്റേഴ്സ്ബർഗിലെ ഏറ്റവും സുന്ദരമായക ാഴ്ചകളാണ് നിങ്ങൾ കാണാൻ പോകുന്നതെന്ന് കരീനപറഞ്ഞു. ബസ്സിൽ നിന്നിറങ്ങുന്നതിനു മുൻപു തന്നെ എല്ലാവരോടും ഇയർഫോണും റിസീവറും റെഡിയാക്കാനും, ഇയർഫോൺ ചെവിയിൽ തിരുകാനും കരീനആവശ്യപ്പെട്ടു.

പൊളീനഎല്ലാവർക്കും വേണ്ടി നേരത്തേ തന്നെ ടിക്കറ്റെടുത്തിരുന്നു. ഗ്രൂപ്പ് ആയി വരുന്നവർക്ക് വേറെത്തന്നെ 'ക്യൂ' ഉണ്ടായിരുന്നു. ഞങ്ങൾ കരീന, നറ്റാലിയ എന്നീ ഗൈഡുകളോടൊപ്പം അകത്തു കയറി.

ഷൂവിനു പുറത്ത് അവിടെ നിന്നു തന്ന ഡിസ്പോസിബിൾ ഉറ ധരിക്കുകയാണ് ആദ്യം ചെയ്തത്. അതു കഴിഞ്ഞ് ഞങ്ങൾ അവിടത്തെ കോണിപ്പടിയിലേക്ക് നയിക്കപ്പെട്ടു. ദൈവമേ! ഞങ്ങൾ എന്തൊക്കെയാണ് കാണുന്നത്? ഇത് സ്വപ്നമോ, യാഥാർത്ഥ്യമോ? ഇത് കുബേരന്റെ കൊട്ടാരമാണോ? അതോ അറബിക്കഥയിലെ സുൽത്താന്റെ കൊട്ടാരമോ? അതോ ഫെയറി ടെയ്ലുകളിൽ വർണ്ണിക്കാറുള്ള കൊട്ടാരമോ?

പീറ്റർഹോഫിനെ"The Pearl of the Baltic" എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. The Capital of Fountains എന്നും വിളിക്കാറുണ്ട്. കല്ലും, bronze ഉം, സ്വർണ്ണവും, ജലധാരകളും, പൂന്തോട്ടങ്ങളുമൊക്കെ ഈ സ്ഥലത്തെ ഭൂമിയിലെ പറുദീസയാക്കി മാറ്റുന്നു.

പീറ്റർഹോഫ് എന്ന ജർമ്മൻ വാക്കിന്റെ അർത്ഥം Peter's court - പീറ്റർ ചക്രവർത്തിയുടെ സഭ, സദസ്സ് എന്നൊക്കെയാണ് ആ വാക്കിന്റെ അർത്ഥം. അത് ഒരു കൊട്ടാര സമുച്ചയമാണ്. സെന്റ് പീറ്റേഴ്സ്ബർഗിലെ പീറ്റർ ഗോഫ് എന്ന സ്ഥലത്താണ് ഈ അത്ഭുതലോകം. യൂറോപ്പിലെ പല രാജ്യങ്ങളിലും കുതൂഹലത്തോടെ യാത്ര ചെയ്ത പീറ്റർ ദ് ഗ്രേറ്റ്, വെഴ്സയ്ൽസിലെ ലൂയി പതിനാലാമന്റെ "പാലസ് ഓഫ് വെഴ്സയ്ൽസ്" കണ്ടപ്പോൾ, അതുപോലൊന്ന് തന്റെ രാജ്യത്തിലും പണിയണമെന്നു തീരുമാനിക്കുകയും, 1714-1728 കാലഘട്ടത്തിൽ ഡോമനിക്കോ ട്രെസ്സിനി എന്ന ശിൽപിയെക്കൊണ്ട് പണിയിക്കുകയും ചെയ്തു. ടൂറിസ്റ്റുകൾ ഈ കൊട്ടാരത്തെ "റഷ്യൻ വെഴ്സയ്ൽസ്" എന്നു വിളിച്ചപ്പോൾ അദ്ദേഹം അഭിമാനിച്ചു.

Jean Baptiste Alexander Le Blond ആണ് അവിടത്തെ നന്ദനോദ്യാനത്തിന്റെ ശിൽപി. 1747-56 വർഷങ്ങളിൽ ബർത്തലോമിയോ റാസ്ട്രെല്ലി കൊട്ടാരങ്ങളെ ഒന്നും കൂടി വിപുലീകരിച്ചു. UNESCO യുടെ പൈതൃക സമ്പത്തായി കരുതുന്ന കൊട്ടാരമാണ് പീറ്റർ ഹോഫ് പാലസ്.

MONPLAISIR PALACE: പീറ്റർ ഹോഫ് കെട്ടിട സമുച്ചയത്തിലെ

ഒരു കൊട്ടാരമാണിത്. ഇതിന്റെ പ്ലാൻ വരച്ചത് സാക്ഷാൽ പീറ്റർ ദ് ഗ്രേറ്റ്! (പീറ്റർ ആരാ മോൻ!) കടലിനോട് ചേർന്നാണ് ഈ കൊട്ടാരം സ്ഥിതിചെയ്യുന്നത്.

കടലിൽ നിന്നും നൂറു മീറ്റർ അകലത്തിലാണ് പീറ്റർ ഹോഫ് പാലസും മ്യൂസിയവും. തറനിരപ്പിൽ നിന്നും 16 മീറ്റർ ഉയരത്തിലാണ് കെട്ടിട സമുച്ചയം.

കൊട്ടാരത്തിന്റെ മുൻവശത്തായി Lower Garderns (NIZHNY SAD എന്ന് റഷ്യൻ ഭാഷയിൽ) ഏതാണ്ട് 1.02 KM^2 വിസ്താരത്തിൽ പരിലസിക്കുന്നു. പീറ്റർ ഹോഫിലെ ജലധാരകളിലധികവും Lower gardens ലാണ്. ലോവർ ഗാർഡൻസിൽ ചില ചെറിയ കൊട്ടാരങ്ങളുമുണ്ട്.

ലോവർഗാർഡനിൽ നിന്നും കുറേ പടവുകൾ കയറിച്ചെന്നാൽ Grand Palace ൽ എത്തും. ഈ കൊട്ടാരത്തിന്റെ പുറകു വശത്തായി Upper gardens (Verhnyy sad) നിർമ്മിച്ചിരിക്കുന്നു. ഗ്രാൻഡ് പാലസിൽ നിന്നും ലോവർ ഗാർഡൻ വരെയുള്ള ചരിഞ്ഞ പ്രതലത്തിലാണ് Grand Cascade (Bolshoi Kascad) എന്ന കൃത്രിമ ജലപാതം. ജലപാതത്തിലേയും, ജലധാരയിലേയും 'വെള്ളങ്ങൾ' (തിരുവന്തോരം ഭാഷ) Sea channel വഴി കടലിലെത്തും.

ഗ്രാന്റ് പാലസ് എന്ന നീളൻ കൊട്ടാരത്തിന്റെ ഒരു വശത്ത് ഗോൾഡൻ മൗണ്ടനും, ഒരു വശത്ത് ചെസ്സ് മൗണ്ടനും നിർമ്മിച്ചിരിക്കുന്നു.

കൊട്ടാരത്തിനകത്തെ കാഴ്ചകൾ :

ഞങ്ങൾ ഷൂവിനു മുകളിലായി അവിടെ നിന്നു തന്ന ഉറ ധരിച്ച്, ക്ലോക്ക് റൂമിൽ കോട്ടും സ്വെറ്ററും അഴിച്ചു വച്ച് കരീനയുടെയും നറ്റാലിയയുടേയും പുറകേ നടന്നു. അതി മനോഹരമായി വെള്ള - സ്വർണ്ണ നിറങ്ങളിൽ അലങ്കരിച്ച റെഡ്കാർപ്പറ്റ് വിരിച്ച കോണിപ്പടികൾ കടന്ന് മുകളിലെത്തി. കോണിപ്പടിയുടെ വശത്തായി ഓരോ ഋതുക്കളുടെയും ദേവതകളുടെ സ്വർണ്ണനിറത്തിലുള്ള പ്രതിമകളുണ്ട്. വസന്തദേവതയുടെ കൈകൾ നിറയെ സ്വർണ്ണപ്പൂക്കളാണ്.

കോണിപ്പടി കയറി, നമ്മൾ ആദ്യം എത്തുന്നത് Ball Room ലേക്കാണ് ബർത്തലോമിയോ റാസ്ട്രെല്ലിയുടെ ഭാവനയും കരവിരുതും ഒക്കെ ചിറകു വിരിച്ച് സുന്ദരമായ ശിൽപങ്ങളും, ഡിസൈനുകളും രൂപപ്പെട്ട കാഴ്ച അത്ഭുതത്തോടെയും, ആദരവോടെയും മാത്രമേ കാണാനൊക്കൂ.

270M^2 (2900 sq.ft) ആണ് ഈ ഹാളിന്റെ വിസ്തീർണ്ണം. വളരെ ഉയരം കൂടിയ ചുറ്റുമതിലും, മച്ചും, ഒന്നിനു മുകളിൽ മറ്റൊന്നായി പണിത ജനാലകളും ഈ ഹാളിനെകൂടുതൽ വലിപ്പമുള്ളതാക്കി തോന്നിക്കാൻ ഉതകുന്നവയാണ് എവിടെ നോക്കിയാലും സ്വർണ്ണ നിറത്തിലുള്ള വള്ളികളും, പൂക്കളും ഇലകളും, മെഴുകുതിരിസ്റ്റാന്റുകളും, പെയിന്റിംഗുകളുടെ ഫ്രെയ്മുകളുമാണ്. മച്ചിൽ വലിയെ Oil Painting - Mount Parnassus എന്നാണതിന്റെ പേര്.

ചുവരിൽ വൃത്താകൃതിയിലുള്ള, ഗോൾഡൻ ഫ്രെയ്മുള്ള 16 ഓയിൽ പെയ്ന്റിംഗുകളുമുണ്ട്. Hera and Cupid എന്ന ചിത്രം അതി മനോഹരമായിരുന്നു.

Blue Reception Room

പീറ്റർ ഹോഫ് പാലസിലെ സാമാന്യം ചെറിയ മുറിയാണിത്. പേര് സൂചിപ്പിക്കുന്നതുപോലെ നീല നിറമാണ് ചുവരിലെ ടൈലുകൾക്കും, ഫർണ്ണിച്ചറിനും. രാജാവിന്റെ സെക്രട്ടറിമാർ ഉപയോഗിച്ചിരുന്ന മുറിയായിരുന്നു ഇത്. നീലയും

വെള്ളയും ടൈൽസ് ഉപയോഗിച്ച് പല തട്ടുകളുള്ള ഹീറ്റിംഗ് സ്റ്റൗവും മുറിയിൽ സ്ഥാപിച്ചിട്ടുണ്ട്. വാതിലുകളുടേയും ജനാലകളുടേയും ഫ്രെയ്മുകൾക്ക് സ്വർണ്ണ നിറമാണ്. മുറിയുടെ മച്ചിൽ വലിയൊരു പെയ്ന്റിംഗുണ്ട് - An Allegory of Glory എന്നാണതിന്റെ പേര്.

The Chesme Hall :18-ാം നൂറ്റാണ്ടിൽ റഷ്യൻ നേവി നേടിയ വിജയങ്ങളെ പ്രകീർത്തിക്കാനായി സ്പെഷ്യലായി നിർമ്മിച്ച മുറിയാണിത്. ഈ മുറി പണിതത് 1770 ൽ ആയിരുന്നു. പിന്നീട് ''നേവി'' റൂമാക്കി മാറ്റിയതാണ്. റഷ്യൻ നേവി ടർക്കിയെ തോൽപ്പിച്ചതാണ് ഒരു സുപ്രധാനഇതിവൃത്തം. The Sacrifice of Iphigenia എന്നാണ് മച്ചിലെ പെയിന്റിംഗിന്റെ പേര്. മച്ചിലെ പെയ്ന്റിംഗുകൾ ചെയ്ത ആർട്ടിസ്റ്റുകളെ ഞങ്ങൾ ആദരപൂർവ്വം സ്മരിച്ചു. ചുവരുകളിൽ 12 വലിയ കാൻവാസ് പെയ്ന്റിംഗുകളുണ്ട്. Battle of Chesme എന്ന യുദ്ധത്തിന്റെ ചിത്രങ്ങളാണ് ഇവയിൽ ആറെണ്ണവും - റഷ്യൻ നേവി Ottoman നേവിയെ തകർത്തു തരിപ്പണമാക്കി, ഈ യുദ്ധത്തിൽ.

ജർമ്മൻ ആർട്ടിസ്റ്റ് ജേക്കബ് ഫിലിപ്പ് ഹാക്കർട്ടാണ് ഈ ചിത്രങ്ങൾ പെയ്ന്റ് ചെയ്തത്. യുദ്ധമൊന്നും നേരിട്ടു കാണാത്ത അദ്ദേഹം വെറും ഭാവനമാത്രം ഉപയോഗിച്ചാണ് ചിത്രങ്ങൾ വരച്ചത്. യുദ്ധത്തിൽ പങ്കെടുക്കുകയും, വിജയിക്കുകയും ചെയ്ത നാവികരും മറ്റു കാഴ്ചക്കാരും കപ്പൽ പൊട്ടിത്തെറിക്കുന്ന ചിത്രങ്ങൾക്ക് ഒട്ടും സ്വാഭാവികത ഇല്ലെന്ന് ശക്തിയുക്തം വാദിച്ചു. ഇതറിയാനിടയായ കാതറീൻ II ചക്രവർത്തിനി, ഇറ്റലിയിലെ ലിവോർണോ തുറമുഖത്ത് പഴയൊരു കപ്പൽ പൊട്ടിത്തെറിക്കുന്ന രംഗം ചിത്രകാരന് നേരിട്ടു കാണിച്ചു കൊടുത്തു. ഇത്തവണ ചിത്രകാരൻ വരച്ച ചിത്രങ്ങൾ സൂപ്പറായെന്ന് എല്ലാവരും തല കുലുക്കി സമ്മതിച്ചു. ഈ ചിത്രങ്ങളാണ് ഇപ്പോൾ മ്യൂസിയത്തിലുള്ളത്. നീലാകാശവും, സമുദ്രവും, പായക്കപ്പലുകളും, തീജ്വാലകളും, കറുത്തിരുണ്ട പുകച്ചുരുകളുമൊക്കെ കണ്ടാൽ ഇതൊക്കെ ഫോട്ടോയാണെന്നേ പറയൂ.

The Throne Room: കൊട്ടാരത്തിലെ ഏറ്റവും വിശാലമായ ഹാളാണിത് -3500 square feet ആണ് വിസ്തീർണ്ണം. റാസ്ട്രെല്ലിയാണ് ഈ മുറിയും ഡിസൈൻ ചെയ്തത്. രാജാവ് അതിഥികളെ സ്വീകരിക്കാനും, ഡാൻസ്, പാട്ട് തുടങ്ങിയ കലാപരിപാടികൾ നടത്താനും ഉപയോഗിച്ചിരുന്ന ഹാളാണ് ഇക്കാണുന്നത്. സൂര്യപ്രകാശം കടന്നു വരാൻ ധാരാളം വലിയ ജനാലകൾ ഈ മുറിയുടെ സവിശേഷതയാണ്. പച്ച, വെള്ള, സ്വർണ്ണ നിറം എന്നിവയാണ് ചുവരുകളിൽ കാണുന്നത്. രാജ കുടുംബാഗങ്ങളുടെ പോർട്രെയ്റ്റുകൾ ചുവരുകളെ അലങ്കരിക്കുന്നു. ചുവന്ന വെൽവെറ്റും സ്വർണ്ണവുമുള്ള സിംഹാസനം ചെറിയൊരു സ്റ്റേജിലാണ് വച്ചിരുന്നത്. രാജകീയ മുദ്രയായ ഇരട്ടത്തലയൻ പരുന്ത് കസേരയുടെ ചാരിയിരിക്കുന്ന ഭാഗത്ത് പതിപ്പിച്ചിരിക്കുന്നു. Arm restനു തൊട്ടു താഴെ സ്വർണ്ണ നിറത്തിലുള്ള, ചിറകുകൾ പാതി വിടർത്തിയ പരുന്തും.

സിംഹാസനത്തിനു പിറകിൽ, കാതറിൻ II രാജ്ഞി അശ്വാരൂഢയായിരിക്കുന്ന വലിയ, മനോഹരമായ പെയ്ന്റിംഗ്. തൂവെള്ള നിറമുള്ള കുതിരയുടെ പേര് ''ഡയമണ്ട്'' എന്നായിരുന്നുവെന്ന് കരീനപറഞ്ഞപ്പോൾ ഞങ്ങൾ ചേതക്കിനേയും, ബ്യൂസിഫാലസിനേയും ഓർത്തു പോയി. ഈ മുറിയുടെ മച്ചിൽ നിന്നും അതിമനോഹരമായ ഷാൻഡ്‌ലിയറുകൾ തൂങ്ങിക്കിടപ്പുണ്ടായിരുന്നു.

The Audience Hall (Room for ladies - in - waiting) : റാസ്ട്രെല്ലിയുടെ

മാസ്റ്റർ പീസുകളിൽ ഒന്നാണ് കമനീയമായി അലങ്കരിച്ച ഈ മുറി. ചുവരുകളിലെ കണ്ണാടികളും(Mirrors) അവയുടെ സ്വർണ്ണം പൂശിയ ഫ്രെയ്മുകളും, മച്ചിലെ പടു കൂറ്റൻ പെയ്ന്റിംഗും ഈ മുറിക്ക് എന്തെന്നില്ലാത്ത ആകർഷകത്വം പ്രദാനം ചെയ്യുന്നു. പാവ്ലോ ബല്ലാറിനിയാണ് മച്ചിലെ പെയിന്റിംഗ് ചെയ്ത ആർട്ടിസ്റ്റ്. വിരുന്നു വന്നവർക്ക് സമയം കളയാൻ ചീട്ടു കളിക്കാനായി കാർഡ് ടേബിളുകൾ മുറിയിൽ സജ്ജീകരിച്ചിട്ടുണ്ട്. Meissen Porcelain ന്റെ അതി മനോഹരമായ പീസുകളും ഈ മുറിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

The White Dining Room: പേര് സൂചിപ്പിക്കുന്നതുപോലെ വെള്ളയാണ് ഈ മുറിയുടേയും ഇതിലെ സാധനങ്ങളുടേയും പ്രധാനനിറം. 30 പേർക്ക് ഇരിക്കാവുന്ന കസേരകളും വിശാലമായ തീൻമേശയും. തൂവെള്ള മേശവിരി. കസേരയുടെ കുഷ്യനുകളിൽ വെള്ളയിൽ ഗോൾഡൻ കളർ എംബ്രോയ്ഡറി. വിഖ്യാതനായ ഇംഗ്ലീഷ് പാത്ര നിർമ്മാതാവ് കാതറിൻ രാജ്ഞിക്ക് വേണ്ടി പ്രത്യേകം നിർമ്മിച്ച "Etruria" പാത്രങ്ങൾ. (ഇയാളുടെ പേര് Josiah Wedgwood) ടേബിളിനു നടുവിൽ വലിയൊരു പാത്രം വച്ചിട്ടുണ്ട്. അതിന്റെ വശങ്ങളിലുള്ള പിടികളിൽ രണ്ടു യുവാക്കൾ ഇരിക്കുന്നു. കൈമുട്ടുകൾ പാത്രത്തിന്റെ വക്കിലൂന്നി, മുന്നോട്ടാഞ്ഞ് ഇരിക്കുകയാണവർ. പാത്രത്തിന്റെ മൂടിയിൽ ചമ്രം പടിഞ്ഞിരിക്കുന്ന ഒരു ബാലൻ. എല്ലാ പാത്രങ്ങളും വെള്ള - ചുവപ്പ്, സ്വർണ്ണം നിറങ്ങളിൽ ചിത്രപ്പണിയുമുണ്ട്.

ചുവരിൽ മനോഹരമായ ശിൽപം - "Cupids holding up a basket of fruits" നഗ്നനായ, കൊഴുത്തുരുണ്ട, മൂന്നു വയസ്സോളം പ്രായമുള്ള ചിറകുള്ള മാലാഖക്കുട്ടന്മാരാണ് cupids. ഒരുത്തൻ ബാസ്കറ്റിന്റെ വള്ളി തൂക്കിപ്പിടിച്ചിരിക്കുന്നു. മറ്റൊരുത്തൻ ഭാരമുള്ള പഴക്കുട്ട അടിയിൽ നിന്നും താങ്ങിപ്പിടിച്ചിരിക്കുന്നു. ഈ മുറിയിലും ധാരാളം ക്രിസ്റ്റൽ ഷാൻഡ്ലിയേഴ്സ് ഉണ്ട്.

The Chinese Cabinets: ചൈനയിൽനിന്നും ജപ്പാനിൽ നിന്നും കൊണ്ടുവന്ന പൊർസലെയ്ൻ പാത്രങ്ങൾക്ക് ആ രാജ്യങ്ങളുടെ "ലുക്കും, ഫീലും" വരുത്താൻ പീറ്റർ ദ് ഗ്രേറ്റ് ആ നാടുകളിൽ നിന്നും ആർട്ടിസ്റ്റുകളെ വരുത്തി ചുവരുകളും, മേശകളും, അലമാരകളും, ഫയർ പ്ലേസും, ഒക്കെ നിർമ്മിച്ചു. നമ്മള് ചൈനയിലെത്തിയോ,അ തോജ പ്പാനിലെത്തിയോഎ ന്നൊക്കെസ ന്ദേഹം തോന്നും മുറി കാണുമ്പോൾ.

The Picture Hall: ചുവരുകളിൽ കുറേയാളുകളുടെ പോർട്രെയ്റ്റുകളാണ് ഈ മുറിയുടെ പ്രത്യേകത. മച്ചിൽ "The History of Hieroglyphics" എന്ന പെയ്ന്റിംഗ് ഉണ്ട്. മരത്തിന്റെ ഫ്ളോറിലെ ഡിസൈൻ നോക്കിയാൽ തല കറങ്ങും. കുറെ പെട്ടികൾ അടുക്കി വച്ചതുപോലെ - ചവിട്ടാൻ പേടി തോന്നി. പെട്ടികൾ മറിഞ്ഞു വീണാലോ?

The Partridge Room (BOUDOIR): പ്രാവിനേക്കാൾ അൽപം വലുതും പിടക്കോഴിയേക്കാൾ ചെറുതുമാണ് പാർട്രിഡ്ജ്. മാംസത്തിനു വേണ്ടി ഉപയോഗിക്കാറുണ്ട്. ഈ മുറിയുടെ ചുവരുകളിലുള്ള സിൽക്കിൽ ധാരാളം ഇലകളും പൂക്കളും വള്ളികളും അവയ്ക്കിടയിൽ ഇങ്ങനത്തെ പക്ഷികളേയും ചിത്രീകരിച്ചിരിക്കുന്നതു കാണാനെന്തു ഭംഗി! Philippe de Lasalle എന്ന ഫ്രഞ്ച് ആർട്ടിസ്റ്റ് ഡിസൈനറാണ് സിൽക്കിൽ ഈ കവിത വിരിയിച്ചത്. Boudoir എന്ന വാക്കിന് അന്തപ്പുരം എന്നു വേണമെങ്കിൽ പറയാം. ഡൈനിംഗ് റൂമിന്റെയും ബെഡ്റൂമി

ന്റേയും ഇടയ്ക്കുള്ള, സ്ത്രീകൾക്കു മാത്രമായുള്ള വിശ്രമമുറി എന്നും അർത്ഥമുണ്ട്.

ഈ മുറിയിൽ ഹാർപ്പ് എന്ന വാദ്യോപകരണം വച്ചിരിക്കുന്നതും കണ്ടു. ഇതാണ് ഹാർപ്പിന്റെ രൂപം . Harry Potter and the Philosopher's stone എന്ന ആദ്യത്തെ ബുക്കിൽ, ഹാഗ്രിഡിന്റെ മൂന്നു തലയുള്ള രാക്ഷസൻ നായ ഫ്ളഫിയെ മയക്കാൻ Professor Quirrell ഈ ഉപകരണമാണ് ഉപയോഗിച്ചത്.



The Divan Room: ചക്രവർത്തിനി കാതറീന്റെ ശയനമുറിയായിരുന്നു ഇത്. ചക്രവർത്തിനിക്ക് ചാരിയിരിക്കുകയോ, നീണ്ടു നിവർന്നു കിടക്കുകയോ ഒക്കെ ചെയ്യുന്ന തരത്തിലാണ് ഫർണ്ണിച്ചർ ഡിസൈൻ ചെയ്തിരിക്കുന്നത്. ചുവരുകളിൽ കണ്ണാടികൾ, പെയ്ന്റിംഗ്സ്, ഭംഗിയുള്ള ക്ലോക്ക്, പോർസലെയ്ൻ കൊണ്ടു നിർമ്മിച്ച നായ, ചെറിയ ഡ്രെസ്സിംഗ് ടേബിൾ, ചെറിയ ടീപ്പോയ്, കസേരകൾ എന്നിവയും, മനോഹരമായ ഷാൻഡ്ലിയറും. എല്ലാത്തിലും ആർഭാടം പ്രകടമായിരുന്നു.

The Study: അധികം ആർഭാടമില്ലാത്ത കൊച്ചു മുറി. രാജ്ഞിക്ക് എന്തെങ്കിലും മീറ്റിംഗോ മറ്റോ ഉണ്ടെങ്കിൽ, അതിനു മുൻപ് കൊച്ചു കുറിപ്പുകൾ തയ്യാറാക്കാൻ ഉപയോഗിച്ചിരുന്ന മേശയും കസേരയും കാണാം.

The Dressing Room: ഒരു രാജ്ഞിക്ക് ചേർന്ന മുറി! സിൽക്കിൽ എംബ്രോയ്ഡറി ചെയ്ത ബൊക്കെയാണ് ചുവരുകളെ അലങ്കരിക്കുന്ന ഡിസൈൻ. അതി മനോഹരമായ ഫർണിച്ചർ. റാസ്ട്രെല്ലിയുടെ മറ്റൊരു മാസ്റ്റർപീസാണ് മനോഹരമായ ഈ മുറി.

The Passage or Standard Room: കൊട്ടാരം കാവൽക്കാർ ഉപയോഗിച്ചിരുന്ന മുറി. പച്ച നിറത്തിൽ, ബൊക്കെയുടെ ചിത്രങ്ങൾ എംബ്രോയ്ഡറി ചെയ്ത സിൽക്കാണ് ചുവരുകളെ അലങ്കരിക്കുന്നത്. പീറ്റർ ദ് ഗ്രേറ്റ് വിജയദേവത മിനർവയോടൊപ്പം നിൽക്കുന്ന പോർട്രെയ്റ്റ്, ഭാര്യ കാതറീൻ I, മകൾ എലിസബത്ത് എന്നിവരുടെ പോർട്രെയ്റ്റുകളുമുണ്ട്. ഈ മുറിയിലെ പച്ച, gold നിറത്തിലുള്ള അധികം ഉയരമില്ലാത്ത കസേരകളും അതി മനോഹരമായിരുന്നു. മടക്കി വയ്ക്കാവുന്ന ഒരു Card table ഉം ഈ മുറിയിലുണ്ടായിരുന്നു.

The Cavaliers' Room ൽ ചക്രവർത്തിയുടെയും ചക്രവർത്തിനിയുടേയും സ്പെഷ്യൽ ഗാർഡുകളുടെ മുറിയായിരുന്നു. അതിമനോഹരമായ ചിത്രപ്പണികളുള്ള വാതിലാണ് ഇവിടെ കണ്ടത്.

The Small Passage Room ന്റെ ചുവരുകളാണ് എന്നെ ആകർഷിച്ചത്. പച്ച, പിങ്ക്, ചുവപ്പ് നിറത്തിൽ റോസപ്പൂക്കളും ഇലകളും സിൽക്കിൽ എംബ്രോയ്ഡറി ചെയ്ത് ചുവരിൽ പിടിപ്പിച്ചിരിക്കുന്നതുകാണാനെന്തൊരു ഭംഗി! ഇതു കൂടാതെ എണ്ണച്ചായ ചിത്രങ്ങളുമുണ്ട്.

The Large Drawing Room: (Blue Colour)

റാസ്ട്രെല്ലിയുടെ കരവിരുത് പ്രകടമാക്കുന്ന മറ്റൊരു മുറി. ഇളം നീല സിൽക്കു കൊണ്ട് ചുവരുകൾ അലങ്കരിച്ചിരിക്കുന്നു. എലിസബത്ത് രാജ്ഞിയുടെ പോർട്രെയ്റ്റ്, അവരുടെ ഔദ്യോഗിക ചിഹ്നങ്ങൾ എന്നിവ മനോഹരമായിരിക്കുന്നു. 250 പേർക്ക് ഭക്ഷണം കഴിക്കാനുള്ള 5000 പീസുകളുള്ള ഡിന്നർസെറ്റ്

കണ്ടാൽ തലകറങ്ങും. അതു പോലെ മെഴുകുതിരി സ്റ്റാൻ്റ്, ഫ്ലൂട്ട് [illegible]
എന്നിവയും വർണ്ണിക്കാൻ വാക്കുകൾ കിട്ടുന്നില്ല.

Choir Anteroom: ഗായകസംഘത്തിന് ഇവിടെ നിന്നും പാലസിലെ [illegible] യിലേക്കു പോകാൻ സൗകര്യമുണ്ടായിരുന്നു. മുറിയുടെ ചുവരുകൾ ഇള[illegible] സിൽക്കിൽ അതിമനോഹരമായ [illegible] കാണേണ്ടതു തന്നെ. നേവിബ്ലൂ കളറിൽ സ്വർണ്ണ നിറത്തിലുള്ള ചിത്രങ്ങ[illegible]

The Rooms For the Spare Apartment:

ഓൾഗാ രാജകുമാരിയുടെ വിവാഹം പ്രമാണിച്ച് നിർമ്മിച്ച ചില മു[illegible] സിൽക്ക് കൊണ്ട് മറച്ച ചുവരുകൾ. കമനീയമായ [illegible] റുകൾ. ഫ്ളവർവെയ്സുകൾ. മരം കൊണ്ട് നിർമ്മിച്ച [illegible] ളുള്ള [illegible] എന്നിവ ഈ മുറികളെ അലങ്കരിക്കുന്നു.

The Crown Room: ചക്രവർത്തിയുടെ വിശ്രമമുറി സിൽക്ക് [illegible] ടങ്ങി വിലയേറിയ വസ്തുക്കൾ കൊണ്ട് മോടിപിടിപ്പിച്ചിരിക്കുന്നു. അ[illegible] ഉള്ളിലേക്ക് നീക്കി, നല്ല സൗകര്യത്തോടുകൂടിയാണ് കട്ടിൽ [illegible] അതിനെ മുറിയുടെ ബാക്കി ഭാഗത്തു നിന്നും മറയ്ക്കുന്നു. രാജാവിന്റെ കി[illegible] ഉറങ്ങുന്ന സമയത്ത് സൂക്ഷിച്ചു വയ്ക്കാൻ Gueridon Table with mosai[illegible] ഉണ്ട് ചിറകുള്ള, [illegible] മാർബിളിന്റെ ടേബിൾ ടോപ്പ് [illegible]

കാഴ്ചകൾക്ക് ഒരു സ്പെഷ്യൽ [illegible] "ഇ[illegible] സ്പെഷ്യൽ" എന്ന് [illegible] ഇവി[illegible] മനോഹരമായ സിൽക്കിൽ [illegible] മനോഹരമായ [illegible] ത്തിൽ കൊത്തു പണികളുള്ള ഒരു ഇരിപ്പിടമാണെന്ന് [illegible] തോന്നുകയുള്ളു.

The Oak Study of Peter the Great: Le Blond എന്ന ഫ്രഞ്ച് [illegible] ക്കാണ് ഈ മുറി [illegible] പീറ്റർ ദി ഗ്രേറ്റ് [illegible] പോകാറുണ്ടായിരുന്ന [illegible] ഉത്തരവുകളുടെ [illegible] എന്നിവ ഈ മുറിയിൽ സൂക്ഷിച്ചിരിക്കുന്നു.

The Church Pavilion: [illegible] രാജകുമാരി - പീ[illegible] [illegible] പോൾ എന്നീ വിശുദ്ധന്മാർ [illegible] നിർമ്മിച്ചിരിക്കുന്നത് [illegible] എവിടെ നോക്കിയാലും [illegible]

ഈ കാഴ്ചകളൊക്കെ [illegible] ഞങ്ങൾ പുറത്തിറങ്ങി [illegible] Lower Garden [illegible] പോകുന്നതിനിടയിൽ [illegible] Great cascade, പലതരത്തിലുള്ള [illegible]

വെള്ളം വെള്ളം സർവ്വത്ര!

''സുരലോക ജലധാര ഒഴുകി ഒഴുകി - ലലല ലലല

പുളകങ്ങൾ ആത്മാവിൽ തഴുകിത്തഴുകി

ഇളംകാറ്റിൽ മധുമാരി തൂകിത്തൂകി

വാനമൊരു വർണ്ണചിത്രമെഴുതി എഴുതീ'' ....

'ഏഴാംകടലിനക്കരെ' എന്ന ഐ.വി. ശശി സിനിമയിൽ നയാഗ്ര വെള്ളച്ചാട്ടം കാണുമ്പോൾ നായികയും കൂട്ടുകാരൻ സായ്പ്പും ചേർന്നു പാടുന്ന ഈ പാട്ടാണ് Lower Garden ലെ കൃത്രിമ വെള്ളച്ചാട്ടവും ജലധാരകളും കണ്ടപ്പോൾ ഓർമ്മ വന്നത്.

ഇന്ത്യൻ ചരിത്രം പഠിക്കുമ്പോൾ ''തുഗ്ലക്കിന്റെ ഭരണപരിഷ്ക്കാരം'' നമ്മൾ പഠിച്ചു കാണും. തികച്ചും മരമണ്ടൻ ആശയങ്ങൾ ഒട്ടും പ്രായോഗികമല്ലാത്ത രീതിയിൽ നടപ്പാക്കാൻ ശ്രമിക്കുകയും അവയൊക്കെ ''കുളമാവു''കയും ചെയ്യുന്നത് നാം കണ്ടിട്ടുണ്ട്. പക്ഷെ പീറ്റർ ദ് ഗ്രേറ്റ് അങ്ങനെയായിരുന്നില്ലെന്ന് സെന്റ് പീറ്റേഴ്സ്ബർഗിലെ ഓരോ കെട്ടിടങ്ങളും പാലങ്ങളും പൂന്തോട്ടങ്ങളും കപ്പൽ ശാലകളും കാണുമ്പോൾ നമുക്ക് മനസ്സിലാകും. അദ്ദേഹത്തെ ''ജീനിയസ് ചക്രവർത്തി'' എന്ന് വിശേഷിപ്പിക്കാനാണ് എനിക്കിഷ്ടം.

പീറ്റർ ദ് ഗ്രേറ്റിന്റെ ഭാവനയും, പ്രായോഗികബുദ്ധിയും, സൗന്ദര്യബോധവും, നാനാമേഖലകളിൽ നിന്നു നേടിയ അറിവും - അതിന്റെയെല്ലാം ആകെത്തുകയാണ് പീറ്റർഹോഫിലെ ഗ്രേറ്റ് കാസ്ക്കേഡ് എന്ന ജലപാതവും, അവിടത്തെ ജലധാരകളും. ജലാശയങ്ങൾ, കപ്പലുകൾ എന്നിവ പീറ്റർ ''സാറി''ന്റെ വീക്ക്നെസ്സ് ആയിരുന്നു. അങ്ങനെയാണ് കപ്പൽ ചാലിന് വളരെ അടുത്തായി പീറ്റർ ഹോഫ് പലസ് പണിതത്. പാലസിന്റെ പരിസരത്ത് ജലധാരകൾ പണിതതെങ്ങനെയെന്ന് അറിയണ്ടേ?

1720 ലെ ഓഗസ്റ്റ് മാസം. പീറ്റർ ഹോഫ് പാലസിൽ നിന്നും ഏതാണ് 20 KM ദൂരെയുള്ള Ropsha Heights എന്ന മലഞ്ചെരിവിൽ, തറനിരപ്പിൽ നിന്നും (സമുദ്രനിരപ്പിൽ നിന്നും) ഏതാണ്ട് 70-100 മീറ്റർ ഉയരത്തിലുള്ള ചില അരുവികളും തടാകങ്ങളും പീറ്റർ'സാർ' കാണാനിടയായി. രാജഭരണം നടത്തുന്നതിനിടയിലും അതിലെ അലകൾ അദ്ദേഹത്തിന്റെ മനസ്സിൽ അലയടിച്ചു കൊണ്ടിരുന്നു. മലഞ്ചെരിവിലുള്ള വെള്ളം എങ്ങനെപീറ്റർ ഹോഫിന്റെ പൂന്തോട്ടത്തിലെത്തിക്കാം എന്ന് അദ്ദേഹം ചിന്തിക്കുകയും, ഒരു എൻജിനീയറുടെ മികവോടെ ചിത്രങ്ങളും പ്ലാനുകളും വരച്ചുണ്ടാക്കുകയും ചെയ്തു. പിന്നീട് എൻജിനീയർമാരെയും ഫൗണ്ടൻ നിർമ്മാണത്തിൽ അഗ്രഗണ്യനായിരുന്ന മിഖായേൽ കോസ്ലോവ്സ്കിയേയും തന്റെ പ്ലാനുകൾ കാണിച്ചു കൊടുത്തു. ''പിന്നെ എല്ലാം പെട്ടെന്നായിരുന്നു''. മലമുകളിൽ നിന്നും ഒരു പ്രത്യേക കനാൽ വഴി വെള്ളം താഴേക്ക് എത്തിക്കാനുള്ള പണികൾ തുടങ്ങി. അതേ സമയം, കൊട്ടാരത്തിനു താഴെ സ്ഥിതിചെയ്യുന്ന Lower garden ൽ ജലധാരകളും, ജലധാരകളിൽ നിന്നും തെറിച്ചു വീഴുന്ന വെള്ളം ശേഖരിക്കാനുള്ള തടാകവും നിർമ്മിച്ചു.

1720 ൽ പീറ്റർ ചക്രവർത്തി കണ്ട നിറമുള്ള സ്വപ്നം 1721 ൽ യാഥാർത്ഥ്യമായി. ഓഗസ്റ്റ് 8-ാം തീയ്യതി പീറ്റർ ഹോഫിലെ ജലധാരകളിൽ നിന്നും വെള്ളം

ചീറ്റിത്തുടങ്ങിയത് എല്ലാവരും അത്ഭുതത്തോടെയാണ് വീക്ഷിച്ചത്. ഒരു മെഷീൻപോലും ഇവയുടെ പ്രവർത്തനത്തിന് ഉപയോഗിച്ചിട്ടില്ല എന്നതാണ് സത്യം.

റോപ്ഷ മലമുകളിൽ നിന്നും റോപ്ഷ കനാൽ വഴി താഴെയെത്തുന്ന വെള്ളം ആദ്യം Great Cascade ലും Upper Grotto എന്ന ഗുഹകളിലും എത്തും. ഗ്രേറ്റ്കാസ്ക്കേഡിൽ നിന്നും തട്ടുതട്ടായി വെള്ളം ഒഴുകി Lower Garden ലെ അർദ്ധവൃത്താകൃതിയിലുള്ള Scoop Basin എന്ന പൂളിലെത്തും. ഈ പൂളിൽ നിന്നും 500 മീറ്റർ നീളവും 12 മീറ്റർ വീതിയുമുള്ള Sea Canal വഴി വെള്ളം ഒഴുകി ഗൾഫ് ഓഫ് ഫിൻലൻഡിൽ എത്തും. ആദ്യ കാലങ്ങളിൽ ഗൾഫ് ഓഫ് ഫിൻലൻഡിൽ നിന്നും സീ-കനാൽ വഴി ചെറിയ കപ്പലുകൾക്ക് പീറ്റർ ഹോഫ് പാലസിനടുത്തു വരെ ചക്രവർത്തിയേയും കൊണ്ടു വരാൻ പറ്റിയിരുന്നു. പിന്നീട് സാംസൺ ഫൗണ്ടൻ എന്ന പടു കൂറ്റൻ ഫൗണ്ടൻ സ്ഥാപിച്ചതോടെ കപ്പലുകൾക്ക് വരാൻ പറ്റാതായി. എന്നാലും അത്യാവശ്യ ഘട്ടത്തിൽ ചെറിയ പായ്‌വഞ്ചികൾക്ക് വരാൻ സാധിച്ചിരുന്നു.

എന്താണ് ഗ്രോട്ടോ? എന്താണ് സാംസൺ ഫൗണ്ടൻ?

ചില ക്രിസ്തീയ ദേവാലയങ്ങൽക്കു മുൻപിൽ ചെറിയൊരു കരിങ്കൽ ഗുഹയും അതിനകത്ത് ഉണ്ണിയേശുവും മാതാവും (ചിലപ്പോൾ പിതാവും) ഇരിക്കുന്നതുകാണാം. പ്രകൃത്യാലുള്ളതോ, കൃത്രിമമായി നിർമ്മിച്ചതോ ആയ ചെറിയ ഗുഹകളെയാണ് grotto എന്നു പറയുന്നത്. പീറ്റർ ഹോഫ് പാലസിന്റെ വിശാലമായ അങ്കണത്തിൽ നിന്നും കുറേ പടികൾ ഇറങ്ങിയിട്ടുവേണം lower garden ലെത്താൻ. ഈ പടികൾക്കടുത്തായി നിർമ്മിച്ച കൃത്രിമ ഗുഹയാണ് grotto. ചക്രവർത്തിയാണെങ്കിലും പീറ്ററിന്റെ ഉള്ളിന്റെ ഉള്ളിൽ ഒരു കുസൃതിക്കുട്ടൻ ഒളിഞ്ഞു കിടപ്പുണ്ടായിരുന്നു. ഈ ഗ്രോട്ടോയുടെ അടുത്തായി മേശപ്പുറത്ത് ഒരു ബൗളിൽ പഴങ്ങളുടെ മോഡൽ വെച്ചിട്ടുണ്ട്. ആരെങ്കിലും ഇതിൽ നിന്നും ഒരു പഴമെടുത്താൽ ചുറ്റുമുള്ള, ഒളിഞ്ഞിരിക്കുന്ന ജലധാരകളിൽ നിന്നും കള്ളന്റെ ശരീരത്തിലേക്ക് വെള്ളം ചീറ്റും. (upper garden ൽ ഇതുപോലെ, വെള്ളം ചീറ്റുന്ന മരങ്ങളും കുടയുമുണ്ടെന്ന് വായിച്ചു.)

സാംസൺ ഫൗണ്ടൻ : 1709ൽ നടന്ന Battle of Poltava യിൽ റഷ്യ വിജയിച്ചതിന്റെ 25-ാം വാർഷികത്തിന്റെ സ്മരണാർത്ഥം നിർമ്മിച്ച ഫൗണ്ടനാണിത്. ഓർത്തഡോക്സ് പുണ്യാളനായ സാംപ്സോണിയസിന്റെ ഫീസ്റ്റ് ദിനത്തിലാണ് റഷ്യ വിജയിച്ചത്. അതു കൊണ്ടാണ് ഫൗണ്ടനിലെ പുരുഷ രൂപത്തിന് Samson എന്ന പേരിട്ടത്. സാംസണ് വേറൊരു പ്രസക്തി കൂടിയുണ്ട്. സാംസൺ ഒരു സിംഹവുമായി ഏറ്റുമുട്ടി, സിംഹത്തെ തറ പറ്റിക്കുന്ന കഥ ബൈബിളിലുണ്ട്.ഫ ൗണ്ടനിലെസ ാംസൺ.ഒ രുസ ിംഹത്തിന്റെവ ായപ ിളർക്കുന്നതു കാണാം. സ്വീഡന്റെ ഔദ്യോഗിക, രാജകീയ മുദ്രയിൽ ഒരു സിംഹമുണ്ട്. റഷ്യ, സ്വീഡനെതോൽപ്പിക്കുന്നുവെന്നാണ് ചുരുക്കിപ്പറഞ്ഞാൽ ഈ പ്രതിമയും ഫൗണ്ടനും ഉദ്ഘോഷിക്കുന്നത്.

സ്വർണ്ണ നിറത്തിലാണ് സാംസണേയും സിംഹത്തേയും നിർമ്മിച്ചിരിക്കുന്നത്. കറുത്തിരുണ്ട ചെറിയൊരു പാറക്കെട്ടിനു മീതെയുള്ള പ്ലാറ്റ്ഫോമിലാണ് രണ്ടുപേരും. സിംഹത്തിന്റെ വായിൽ നിന്നും കുത്തനെമുകളിലേക്കു ചീറ്റുന്ന ജലധാര 19-20 മീറ്റർ ഉയരത്തിലെത്തും! ഇതാണ് പീറ്റർ ഹോഫിലെ ഏറ്റവും

'വലിയ', ഉയരമുള്ള ജലധാര. (ശകുന്തളയുടേയും ദുഷ്യന്തന്റേയും ധീരനായ പുത്രൻ ഭരതൻ ഇതുപോലൊരു സിംഹത്താന്റെ "വായിൽ നോക്കി" പല്ലെണ്ണിയത് ഓർത്തുപോയി.)

The Lower Park : വിശ്വപ്രസിദ്ധി നേടിയ ഉദ്യാനമാണ് പീറ്റർ ഹോഫിലെ ലോവർ പാർക്ക്. ഗൂഗിൾ മാപ്സിൽ ഇടം നേടിയ ആദ്യത്തെ റഷ്യൻ ടൂറിസ്റ്റ് സെന്ററുകളിലൊന്നാണിത്. ഏതാണ്ട് 500 ഹെക്ടർ സ്ഥലത്താണ് പാർക്ക് പരന്നു കിടക്കുന്നത്. വളരെ geometrical ആയി, അളന്നു തൂക്കിയാണ് സീ കനാലിന്റെ ഇരു വശങ്ങളിലുമുള്ള പാർക്കിന്റെ രണ്ടു പകുതികൾ നിർമ്മിച്ചിരിക്കുന്നത്. Adam, Eve എന്നീ ജലധാരകൾ, Chessboard Hill, Golden Hill ജലപാതകൾ എന്നിവയൊക്കെ തുല്യമായ അകലങ്ങളിൽ mirror images പോലെയാണ് സ്ഥാപിച്ചിരിക്കുന്നത്. ഈ പാർക്കിൽ 250-ഓളം Bronze പ്രതിമകളുണ്ട്. Trumpeting Tritons, Statue of Perseus, Statue of Jupiter എന്നിവ അവയിൽ ചിലതുമാത്രം. ഞങ്ങൾക്ക് വിശദമായി ഇവയൊന്നും കാണാൻ സമയമുണ്ടായിരുന്നില്ല. സീ കനാലിന്റെ വശത്തു കൂടി നടന്ന് ഗൾഫ് ഓഫ് ഫിൻലൻഡിനടുത്ത് എത്തണമെന്ന് ആഗ്രഹമുണ്ടായിരുന്നു. പക്ഷെ കരീനയും പൊളീനയും സമ്മതിച്ചില്ല. ഞങ്ങളെ അപ്പർ ഗാർഡനിലേക്ക് കൊണ്ടു പോയതേയില്ല. സമയമില്ലാത്തതാണ് കാരണം.

"Heard melodies are sweet

Those unheard are sweeter" എന്ന് കവി Keats പാടിയതുപോലെ

"കണ്ട ഉദ്യാനങ്ങൾ സുന്ദരം

കാണാത്തതോ അതി മോഹനം" എന്ന് പറയാൻ തോന്നി!

മുപ്പതോളം വർഷങ്ങൾക്കു മുൻപ് രാജസ്ഥാനിലെ ഉദയ്പ്പൂർ കൊട്ടാരത്തിൽ "സഹേലിയോം കീ വാഡി" എന്ന പൂന്തോട്ടം കണ്ടതും എന്റെ മനോമുകുരത്തിൽ തെളിഞ്ഞു വന്നു. പീറ്റർസാർ ചെയ്തതു പോലെ ഏതോ കുന്നിൻമുകളിൽ നിന്നും രഹസ്യ മാർഗ്ഗങ്ങളിലൂടെ ഉദ്യാനത്തിൽ വെള്ളമെത്തിച്ച് ജലധാരകൾ പ്രവർത്തിപ്പിക്കുന്ന കാഴ്ച അവിടേയും കണ്ടിരുന്നു. കണ്ണടച്ചു നിന്നാൽ മഴ പെയ്യുന്ന ശബ്ദമാണെന്നേ തോന്നൂ.

പീറ്റർ ഹോഫ് പാലസിനും, ജലധാരകൾക്കും കറുത്തിരുണ്ട ചരിത്രം കൂടി പറയാനുണ്ട്. റഷ്യ - ജർമ്മനി യുദ്ധത്തിനൊടുവിൽ ജർമ്മനി റഷ്യയെ തോൽപ്പിച്ചു. മ്യൂസിയത്തിനും ജലധാരകൾക്കും നാസിപ്പട യാതൊരു ദയാദാക്ഷിണ്യവുമില്ലാതെ കേടുവരുത്തി. കുറേ സാധനങ്ങൾ മോഷ്ടിച്ച് ജർമ്മനിയിലേക്കു കടത്തി. അക്കൂട്ടത്തിൽ സാംസണും സിംഹവും പെടും. യുദ്ധമൊക്കെ കഴിഞ്ഞ്, നാസിപ്പട തിരിച്ചുപോയി. ലെനിൻഗ്രാഡ് റിസ്റ്റൊറേഷൻ എന്ന ടീമിലെ നൂറുകണക്കിന് ആളുകൾ അത്യധ്വാനം ചെയ്ത് കൊട്ടാരത്തിന്റേയും ജലധാരകളുടേയും കേടുപാടുകൾ തീർത്തു. പുതിയൊരു സാംസണേയും സിഹത്തേയും നിർമ്മിച്ച് ആദ്യമുണ്ടായിരുന്നിടത്തു തന്നെ പ്രതിഷ്ഠിച്ചു. തികഞ്ഞ അച്ചടക്കത്തോടെ, അങ്ങേയറ്റം ദേശഭക്തിയോടെയാണ് റഷ്യക്കാർ ഈ ജോലി ചെയ്ത് പീറ്റർ ഹോഫിന്റെ പ്രതാപം വീണ്ടെടുത്തത്.

സെന്റ് പീറ്റേഴ്സ് ബർഗിലേക്കു മാത്രമായി ഒരു പ്രാവശ്യം കൂടി വരണമെന്ന് എനിക്ക് ആഗ്രഹം തോന്നി. ഇനിയും എന്തെല്ലാം കാണാനിരിക്കുന്നു!

വൈകിട്ട് ആറുമണിയോടെ ഞങ്ങൾ വീണ്ടും ബസ്സിൽ കയറി ഹോട്ടലിലേക്കു തിരിച്ചു. പോകുന്ന വഴി 'സ്ട്രെൽന' എന്ന മുനിസിപ്പൽ സെറ്റിൽമെന്റ് കണ്ടു. കുറേയാളുകൾ ഇവിടെ കുറഞ്ഞ ചിലവിൽ താമസിച്ചു വരുന്നു. കോൺസ്റ്റാന്റിൽ പാലസ് എന്ന, അതിമനോഹരമായ, അതിബൃഹത്തായ കെട്ടിടവും കരീനകാണിച്ചു തന്നു. റഷ്യയുടെ പ്രസിഡന്റിന്റെ വേനൽക്കാല വസതിയാണിത്.

ഒരു കാര്യം പറയാൻ വിട്ടുപോയി. സെന്റ് പീറ്റേഴ്സ്ബർഗ് കുറച്ചു കാലം ലെനിൻഗ്രാഡ് എന്ന പേരിൽ അറിയപ്പെട്ടുവെങ്കിലും, വീണ്ടും അതേ പേരിൽത്തന്നെ ഇപ്പോഴും തുടരുന്നു.

റോഡിന്റെ ഒരു ഭാഗത്തുകൂടി ഇലക്ട്രിക് ട്രാമിനു കടന്നുപോകാൻ റെയ്ലുകളുണ്ട്. ഒരു ടാങ്കർ ലോറി വെള്ളവുമായെത്തി ട്രാമിന്റെ പാത കഴുകി വൃത്തിയാക്കുന്നതു കണ്ടു. ഇതുപോലെ റോഡുകളും കഴുകാറുണ്ടെന്ന് കരീനപറഞ്ഞു.

റഷ്യയിൽ നല്ല ജലസമ്പത്തുണ്ട്. ന്യൂക്ലിയർ പവർ സ്റ്റേഷനിൽ നിന്നാണ് ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്നത്. തണുപ്പുകാലത്ത് വെള്ളം തണുത്തുറയുന്നതായിരിക്കാം അതിനുള്ള കാരണം എന്ന് ഞങ്ങൾ ഊഹിച്ചു.

ഇന്ന് രാത്രി ഡൈനിംഗ് റൂമിൽ ഒരു സ്പെഷ്യൽ സംഭവം ഉണ്ടായിരിക്കുമെന്ന് അറിയിപ്പുകിട്ടി. ഞങ്ങളുടെ സഹയാത്രികൻ വിൽസന്റെ ജന്മദിനമാണിന്ന്. ഞങ്ങളെല്ലാവരും രാവിലെത്തന്നെ വിൽസണ് ജന്മദിനാശംസകൾ നേർന്നിരുന്നു.

എല്ലാവരും അവരവരുടെ മുറികളിൽ പോയി ഫ്രെഷ് ആയി (ഹോട്ടൽമുറി); ഞങ്ങൾക്കു വേണ്ടി ഒരു ഹാൾ വിട്ടു തന്നിരുന്നു. അവിടെ വച്ച് "കേക്ക് മുറിക്കലും, ഹാപ്പി ബർത്ത് ഡേ" പാടലും, ചിലരൊക്കെ "hot drinks" കഴിക്കലും നടന്നു. അതിനുശേഷം ഡൈനിംഗ് ഹാളിലേക്കു നടന്നു. ഞാൻ പാലും, ബ്രെഡും, പഴങ്ങളും സലാഡും കഴിച്ചു. നടന്നു നടന്ന് ക്ഷീണിച്ചിരുന്നതിനാൽ കട്ടിലിൽ കയറി കിടന്നയുടനെഉറങ്ങിപ്പോയി.

(തുടരും)

ഭീഷ്മർ പറഞ്ഞ കഥ

വി. കൃഷ്ണവാദ്ധ്യാർ

ഭീഷ്മർ ശരശയ്യയിൽ കിടക്കുന്ന സമയം. ഒരു ദിവസം പാണ്ഡവർ അദ്ദേഹത്തെ കാണാൻ ചെന്നു. ഭീഷ്മ പിതാമഹൻ തന്റെ മക്കളെ ദയയോടെ നോക്കി. ചില ഉപദേശങ്ങൾ നൽകി. ചില ഗുണപാഠ കഥകൾ പറഞ്ഞു. എല്ലാം പാണ്ഡവർ കേട്ടു.

അവസാനം ഭീഷ്മർ ചോദിച്ചു.

''നിങ്ങൾ പാണ്ഡവർ''. എല്ലാറ്റിനും മിടുക്കുള്ളവർ. കൂട്ടിനാണെങ്കിൽ ഭഗവാൻ ശ്രീകൃഷ്ണൻ. എന്നിട്ടും നിങ്ങൾക്ക് വളരെക്കാലം അലഞ്ഞു തിരിഞ്ഞ് ദുരിതം അനുഭവിക്കേണ്ടി വന്നത് എന്തുകൊണ്ടാണെന്ന് അറിയുമോ?

ധർമ്മപുത്രന് ഉത്തരമില്ലായിരുന്നു.

"പറയാം" പിതാമഹൻ തുടർന്നു

''നിങ്ങൾ ശ്രീകൃഷ്ണനെനിങ്ങളുടെ ബന്ധുവും സുഹൃത്തുമായിട്ടേ കണ്ടുള്ളൂ. പക്ഷേ അദ്ദേഹം ഭഗവാനാണ്, അത് നിങ്ങൾ ഓർത്തില്ല. അങ്ങനെഅദ്ദേഹത്തെ നിങ്ങൾ കരുതിയതുമില്ല. ഭഗവാൻ കൂടെയുള്ളപ്പോൾ എന്തിനാണ് കഷ്ടപ്പാടുകൾ എന്ന് നിങ്ങൾ കരുതാത്തതുകൊണ്ടാണ് അലയേണ്ടി വന്നത്''.

ശരിയാണ് പിതാമഹൻ പറയുന്നതെന്ന് ധർമ്മ പുത്രന് തോന്നി.

കുട്ട്യോളുടെ ലോകം

സൂര്യ അശോക്

(കേന്ദ്ര സാഹിത്യ അക്കാദമി ബാലസാഹിത്യ പുരസ്കാരം നേടിയ കൊങ്കണി കൃതി ''ഭുർഗ്യാംലൊ സംസാർ'' മലയാളത്തിൽ പരിഭാഷപ്പെടുത്തിയത് ശ്രീമതി പുഷ്പ നവീൻ)

ഇലയ്ക്കും ജീവനുണ്ട്

പുറത്ത് തീ പോലത്തെ വെയിലാണ്. അമ്മ വിളിച്ചപ്പോൾ മുറ്റത്തു കളിച്ചുകൊണ്ടിരുന്ന കണ്ണൻ അകത്തേയ്ക്ക് വന്നു. അവന്റെ കയ്യിൽ ഒരു കല്ലും ഒരിലയും ഉണ്ടായിരുന്നു. അതു രണ്ടും കണ്ണൻ അമ്മയുടെ കയ്യിൽ കൊടുത്തു.

കണ്ണൻ : അമ്മേ, ഈ കല്ലിന് നല്ല ചൂടുണ്ട്, കണ്ടോ? എന്നാൽ ഈ ഇല ഇപ്പോഴും തണുത്താണിരിക്കുന്നത്. അതെന്താ അങ്ങനെ? കല്ലിനെപ്പോലെ ചൂടാകേണ്ടതല്ലേ?

അമ്മ : അതിനൊരു കാരണമുണ്ട്, പറയാം.

കണ്ണൻ : രൂപാ, നീയും വാ. അമ്മ ഒരു കാര്യം പറഞ്ഞു തരാൻ പോകുവാ.

ഇത് കേട്ട് രൂപ ഓടി വന്നു.

കണ്ണൻ : രൂപാ, ഈ കല്ലൊന്നു തൊട്ടു നോക്കിയേ. നല്ല ചൂടില്ലേ? ഇനി ഈ ഇലയൊന്നു തൊട്ടു നോക്കൂ. കവിളത്ത് തൊടീച്ചു നോക്കു. തണുപ്പല്ലേ? അതെന്താണെന്ന് അമ്മ പറഞ്ഞു തരാൻ പോവുകയാ.

രൂപ വേഗം കല്ലെടുത്ത് ഒരു കയ്യിൽ പിടിച്ചു. എന്നിട്ട് ഇലയെടുത്ത് കവിളത്ത് തൊടീച്ചു നോക്കി.

രൂപ : ഹായ്. ശരിയാണല്ലോ. ഈ ഇലയ്ക്ക് നല്ല തണുപ്പാണ്. അതെന്താ അമ്മേ അങ്ങനെ?

അമ്മ : പറയാം. ഇലയുടെ തൊലിപ്പുറത്ത് ചെറിയ സുഷിരങ്ങളുണ്ട്. നമ്മൾ വെറും കണ്ണുകൊണ്ട് നോക്കിയാൽ അവ കാണില്ല. മൈക്രോസ്കോപ്പിനടിയിൽ വെച്ചു നോക്കണം. മൈക്രോസ്കോപ്പെന്നാൽ ചെറിയ വസ്തുക്കളെ വലുതാക്കി കാണിയ്ക്കുന്ന ഉപകരണം എന്നാണ്.

രൂപ : ആ കുഞ്ഞു കുഞ്ഞു സുഷിരങ്ങളിൽ ഐസ് നിറച്ചു വെച്ചിരിക്കുകയാണോ?

കണ്ണൻ : നീ മിണ്ടാതിരി. അമ്മ പറയട്ടെ.

അമ്മ: അതിൽ ഐസൊന്നുമില്ല. ആ ചെറിയ സുഷിരത്തിന് 'സ്റ്റൊമാറ്റ'(സ്വേദന സുഷിരങ്ങൾ) എന്നാണ് പേര്. ഇലയ്ക്ക് ആവശ്യമില്ലാത്ത ജലാംശം ഈ സുഷിരത്തിലൂടെയാണ് പുറത്ത് കളയുന്നത്. നമ്മളെല്ലാം വിയർക്കുന്നതുപോലെയാണെന്നു പറയാം.

രൂപ : അയ്യേ! ഇലകൾ വിയർക്കുന്നെന്നോ?

അമ്മ : വിയർക്കുന്നു എന്നും പറയാം. ഇങ്ങനെ പുറത്തുവരുന്ന ജലം വറ്റുമ്പോൾ ഇലകൾ തണുക്കുന്നു, ഈ പ്രകൃതിയും. ഇംഗ്ലീഷിൽ 'ട്രാൻസ്പിറേഷൻ' അല്ലെങ്കിൽ സ്വേദനം എന്നാണ് പറയുന്നത് അങ്ങനെഇലകൾ എപ്പോഴും ഒരു സ്ഥിര ഊഷ്മാവിൽ തന്നെയിരിക്കും. അധികം ചൂടാവില്ല.

കണ്ണൻ : വിയർക്കുമ്പോൾ നമ്മളും ഫാനിനടിയിലിരുന്ന് കാറ്റ് കൊണ്ട് ദേഹം തണുപ്പിക്കാറില്ലേ രൂപാ! അതുപോലെയാണിതും.

അമ്മ : ഇലകളിലെ ഈ പ്രക്രിയ മൂലം ഉച്ച നേരത്തു പോലും മരച്ചുവട്ടിൽ നിന്നാൽ നമുക്കു തണുപ്പ് തോന്നും.

രൂപ : അപ്പോ ഈ കല്ലിനു വിയർക്കില്ലേ?

കണ്ണൻ : അതിന് കല്ലിനു വിയർക്കാൻ ജീവനുണ്ടായിട്ടു വേണ്ടേ?

അമ്മ : ഇപ്പോൾ കാര്യം മനസ്സിലായില്ലേ? ഇനി രണ്ടുപേരും പുറത്തുപോയി കളിക്കിൻ. വെയിലത്തു പോകണ്ട. തണലുള്ളിടത്ത് ഇരുന്ന് കളിച്ചാൽ മതി.

കേൾക്കേണ്ട താമസം കണ്ണനും രൂപയും പുറത്തെ മാവിൻചുവട്ടിലേയ്ക്കോടി.

RENAISSANCE, REVIVALISM AND RIVISIONISM

(Second Part of the English translation of excerpts from Sri. R. Hari's interview published in the April 2021issue of the Malayalam monthly, HIRANYA.)



? What is meant by Hindu renaissance? What is its need?

Now-a-days renaissance has become a fashionable word, and we find even people, who do not know the meaning of the word, speaking about it, so much so that what is known in English as social reform has been made to mean renaissance! The actual meaning of the word renaissance is new awakening. Awakening has nothing to do with the external body. Both during sleep and wakefulness the body is the same. The qualities – wakefulness- not available during sleep belong to one's conscience or *anthakarana*. So, renaissance has to be based on values. And the values followed by a country for eons, in real terms form the values of that country. Hence we find Swami Ranganathananda speaking about the Eternal Values for a Changing Society. Naturally, as everywhere else, in Bharat also, society undergoes changes and the dress, eating habits, lifestyle, etc. of the people often change, but not its core values. Hence, Sri Ram is still acceptable to us as an ideal. Sri Ram is not alive now. However, the '*Ramatv*' of Sri Ram, which never changes, is even now dear to us and remains part of our life. When, due to some reasons, these values fade, some great men or Gurus emerge and they wake us up saying, "Whatever you have seen in dreams, while sleeping, is not true. So, go, wash your face and come back." And then we come to see the real world. Such waking up to the eternal values is what renaissance is all about. And it must be based on this criterion we have to evaluate whether all that go in the name of renaissance can be termed so or not.

For instance, with the advent of the British, their education system also was introduced here. And as a result of that education, we happened to forget some of our old traditions. The very purpose of introducing their education here was to create a class of people, Indian in blood and colour, but English in taste, opinions, morals and intellect. And if we also start ten such schools with the aim of destroying our values, how can we call it Renaissance? Through such an act we will be only creating a situation congenial for the destruction of our values, and that ultimately will result in ruining of our values! Here, let us remember, new institutions can be either beneficial or detrimental. Hospitals are beneficial. Allopathic medicines have their own benefit. So, we cannot say no to them. However, we accept these medicines not based on any values, but because of convenience! At the same time, renaissance can be based only on eternal values. It is a process of reawakening to the values.

Let us, for instance, take Swami Dayanand Saraswathi. He did not know English. Then how we came to treat him as one of our renaissance leaders? Is it not based on values? The reason is he took us to the eternal values of the Vedas. This proves renaissance is nothing but waking up to the eternal values, and not reforms. Different types of reforms may take place in the society, and we are not opposed to it. On the other hand, from time to time, new arrangements are made to protect against the obliteration of the values. And that is renaissance!

? Shtuti stipulates that Smriti should undergo changes from time to time, and is it not that what is really meant by renaissance?

Yes. Smriti will change according to Desha and Kala (place and time). Shruti constitute the principles, which are changeless. So, renaissance is based on what is changeless. There is an English word, revivalism. Revivalism cannot be equated with renaissance. Revivalism means bringing back former customs and practices. There is another word, revisionism! Let me explain it through an example:

